**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4718** — **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തിൽ മായം ചേർക്കുന്നത് കണ്ടെത്തുന്നതിന് ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തിൽ മായം ചേർക്കുന്നത് കണ്ടെത്തുന്നതിനും, പരിശോധനകൾക്കുമായി എത്ര ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകളാണ് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നത്; കഴിഞ്ഞ വർഷം എത്ര കേസുകളാണ് മായം ചേർത്തതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തത്; | (എ) | തിരുവനന്തപുരം ജില്ലയിൽ മാത്രമായി ഇത്തരത്തിൽ സ്ഥിരമായി ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ ഇല്ല. എന്നാൽ ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷ വകുപ്പും സംയുക്തമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് സംസ്ഥാനത്തെ വിവിധ മത്സ്യ മാർക്കറ്റുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. Central Institute of Fisheries Technology(CIFT) യുടെ സാങ്കതിക വിദ്യ പ്രയോജനപ്പെടുത്തി Hi Media Company Mumbai വികസിപ്പിച്ചെടുത്ത ഫോർമാലിൻ/ അമോണിയ കിറ്റ് ഉപയോഗിച്ചും സ്ഥിരമായി പരിശോധനകൾ നടത്തി വരുന്നു. ഭക്ഷ്യയോഗ്യമല്ലാത്തതും, രാസ വസ്തുക്കളുടെ സാന്നിദ്ധ്യം ഉള്ളതായും പരിശോധനയിൽ കണ്ടെത്തിയ 55.26 ടൺ മത്സ്യം തിരുവനന്തപുരം ജില്ലയിൽ 2020-21 കാലയളവിൽ പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം ആശങ്കകൾ പരിഹരിക്കുന്നതിനായി പൊതുജനങ്ങൾക്കായി ഹെൽപ്പ് ലൈൻ നമ്പറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (ബി) | മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യ വിൽപ്പന പ്രവണത തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ അറിയിക്കുന്നതിന് ഫിഷറീസ് വകുപ്പ് ടോൾ ഫ്രീ നമ്പർ 18004253183 ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾ നൽകുന്നതിനായി 1800 425 1125 എന്ന Toll Free Number 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ